(എഫ്) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സഹകരണ അദാലത്തുകൾ നടത്തേണ്ടതായിട്ടുള്ളതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം ;

(ജി) സംസ്ഥാനത്ത് കൂടുതൽ മേഖലകളിൽ സഹകരണ അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ തീർപ്പാകാതെയുള്ള അപേക്ഷകളും പരാതികളും ഉണ്ട്. .

(ബി,സി&ഡി) പരാതികളും അപേക്ഷകളും തീർപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സഹകരണ യൂണിന്റെയും ആഭിമുഖ്യത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ 1999 ഡിസംബർ15 മുതൽ 2000 ജനുവരി 15 വരെ സംഘടിപ്പിച്ചിരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും അതിന്റെ കീഴിലുള്ള ജില്ലാ ആഫീസുകളിലും താലൂക്ക് ആഫീസുകളിലും സഹകരണ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇതിലേയ്ക്കായി പ്രത്യേക നിയമനിർമ്മാണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല. 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 എ (1999-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം) പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് പൊതുവായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സഹകരണ സംഘങ്ങൾക്ക് നൽകാവുന്നതാണ്.

(എഫ്) സഹകരണ അദാലത്തുകൾ സംസ്ഥാന/ജില്ലാ/താലൂക്ക് തലങ്ങളിലാണ് സംഘടിപ്പിച്ചിട്ടുള്ളത്.

(ജി) സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന ആഫീസുകളിലും സഹകരണ സംഘങ്ങളിലും ഉള്ള പരാതികളും അപേക്ഷകളും തീർപ്പാക്കുന്നതിനാണ് സഹകരണ അദാലത്തുകൾ സംഘടിപ്പിച്ചത്. മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികളിൻമേലും അപേക്ഷകളിന്മേലും തീർപ്പുകൾ കൽപ്പിക്കുന്നതിനുള്ള അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളാണ് തീരുമാനിക്കേണ്ടത്.

സഹകരണ ബാങ്കുകളുടെ ആഡിറ്റ് റിപ്പോർട്ടുകൾ

130 (298) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കുകളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ആഡിറ്റ് റിപ്പോർട്ടുകൾ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അനുസരിച്ചുതന്നെ റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇവ നിശ്ചയിച്ച തീയതികളിൽ തന്നെ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ലഭിക്കുന്നുണ്ട്.

സഹകരണ സർവ്വീസ് ബാങ്കുകളിലെ നിയമനം

131 (299) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സർവ്വീസ് ബാങ്കുകളിൽ പി.എസ്.സി മുഖേനയോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മാത്രമേ നിയമനം നടത്താവൂയെന്ന ഹൈക്കോടതി വിധി വന്നതിനുശേഷം ഇത്തരം ബാങ്കുകളിൽ പ്രസ്തുത വിധി ലംഘിച്ചു നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത ബാങ്കിൽ വേണ്ട ജീവനക്കാരെ ഹൈക്കോടതി വിധിയനുസരിച്ച് മാത്രം നിയമിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി വഴി നിയമനം നടത്തണമെന്ന് വിധിയില്ല. സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ സാഹചര്യം അനിവാര്യമാണെങ്കിൽ മാത്രം രജിസ്ട്രാരുടെ മുൻ അനുവാദത്തോടെ ഐ.എം.ജി.യോ അതുപോലുള്ള സർക്കാർ ഏജൻസിയെ കൊണ്ടോ പരീക്ഷ നടത്തി നിയമനം നടത്തണം എന്ന വിധിയാണ് ഉള്ളത്. ഈ വിധിക്ക് വിപരീതമായി ചില പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

പന്തളം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിലെ അഴിമതി

132 (300) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം എം.എ.268-ന്റെ പ്രസിഡന്റിന്റെ പേരിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly